"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ബഹു. കേരള ഹൈക്കോടതി SSCR No. 24/2023 Suo Motu കേസിലെ 15.09.2023 -ലെ വിധി - സംസ്ഥാനത്ത് നിപാ വൈറസ് രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ശബരിമലയിൽ കന്നിമാസ പൂജാ കാലയളവിലെ തീർത്ഥാടകർക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2383/2023/H&FWD തീയതി,തിരുവനന്തപുരം, 17-09-2023

---

പരാമർശം:-
1. SSCR No. 24/2023 Suo Motu കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 15.09.2023 -ലെ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.09.2023 -ലെ DHS/18181/2023-AD(PH) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നിപ്പാ രോഗം റിപ്പോർട്ട് ചെയ്യുകയും നിരവധി ആളുകൾ നിരീക്ഷണത്തിലായിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും, ബഹു കേരള ഹൈക്കോടതിയുടെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലും, ശബരിമല കന്നിമാസ പൂജാ കാലയളവിലെ തീർത്ഥാടകർക്കായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കണ്ടയിൻമെന്റ് മേഖലയിലെ നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന്റെ ഭാഗമായി തീർത്ഥാടകർ ഉൾപ്പെടെ ആരും തന്നെ കണ്ടയിൻമെന്റ് മേഖലയിൽ നിന്നും പുറത്ത് പോകാൻ പാടുള്ളതല്ല.
2. മറ്റ് പ്രദേശങ്ങളിൽ നിന്ന് ശബരിമലയിലേക്കു യാത്ര ചെയ്യുന്ന ഭക്തജനങ്ങൾ, അവർ കണ്ടയിൻ മെന്റ് മേഖലയായി പ്രഖ്യാപിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയോ, യാത്രാ മദ്ധ്യേ കണ്ടെയിൻമെന്റ് മേഖലയിൽ തങ്ങുകയോ താമസിക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
3. പനി, ജലദോഷം, മറ്റു ശ്വാസകോശ രോഗ ലക്ഷണങ്ങൾ ഉള്ളവർ യാത്ര ഒഴിവാക്കുക.
4. നിലവിൽ എന്തെങ്കിലും രോഗങ്ങൾക്ക് ചികിത്സിക്കുന്നവർ പ്രസ്തുത ചികിത്സാ രേഖകൾ കയ്യിൽ കരുതേണ്ടതാണ്.

മേൽ പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (1) ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,കേരള,   എറണാകുളം (ആമുഖകത്ത് സഹിതം).
സ്പെഷ്യൽ കമ്മീഷണർ, ശബരിമല.
എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർമാർ.
ജില്ലാ മെഡിക്കൽ ഓഫീസർമാർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.
റവന്യൂ( ദേവസ്വം )വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി (F2/304/2023-HEALTH )ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 17-09-2023 21:35:48
സെക്ഷൻ ഓഫീസർ